**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 726** **30-01-2024 - ൽ മറുപടിയ്ക്ക്**

**നിലാവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലാവ് പദ്ധതിയിൽ ലൈറ്റുകൾ ബഫർ സ്റ്റോക്ക് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാമോ? | (എ) | ഉണ്ട്. ആരംഭ ഘട്ടത്തിൽ നിലാവ് പദ്ധതിയിൽ LED ബഫർ സ്റ്റോക്ക് ലഭ്യമാക്കിയിരുന്നെങ്കിലും ഇത് നിലനിർത്തുന്നില്ല. 7 വർഷത്തെ ഗ്യാരണ്ടി കാലയളവിൽ വിതരണ ഏജൻസിയായ EESL കേടാവുന്ന LED സ്ട്രീറ്റ് ലൈറ്റുകളുടെ കേടുപാടുകൾ തീർത്തോ/പുതിയവ നൽകുകയോ ചെയ്ത്, 5% ബഫർ സ്റ്റോക്ക് നിലനിർത്തി പോകേണ്ടതാണ്. ടി ബഫർ സ്റ്റോക്കുകളിൽ നിന്നാണ് കേടായവ മാറ്റി സ്ഥാപിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് KSEBL നൽകുന്നത്. EESL യഥാസമയം കേടായ LED സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്യാത്തതിനാൽ ബഫർ സ്റ്റോക്ക് 5% നിലനിർത്താൻ സാധിക്കുന്നില്ല. കേടുപാടുകൾ പരിഹരിക്കുന്നതിനായി വിതരണ ഏജൻസിയായ EESL ന് നിരന്തരം കത്തുകൾ മുഖേനയും ബന്ധപ്പെട്ടവർക്ക് നേരിട്ടും അറിയിപ്പുകൾ നൽകി വരുന്നു. തകരാർ പരിഹരിച്ചുകിട്ടുന്ന മുറക്ക് മാറ്റി സ്ഥാപിക്കുന്നതിനായി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ